**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 185** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഡോക്ടർമാരുടെ രാത്രികാല സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ എത്ര ഡോക്ടർമാർ ഉണ്ടെന്നും എത്ര മണിവരെയാണ് ഇവിടങ്ങളിൽ ഒ.പി. സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ ഉള്ള ഡോക്ടർമാരുടെ പട്ടികയും, ഒ.പി സമയവും ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിലവിൽ ഉള്ള ഡോക്ടർമാരുടെ വിവരം | ഒ പി സമയം |
|---|---|---|---|
| 1 | സി.എച്ച്.സി. പാലോട് | 5 പേർ കൂടാതെ<br>എൻ.എച്ച്.എം. -2, ത.സ്വ.ഭ.വ - 1 | 24 മണിക്കൂ |
| 2 | സി.എച്ച്.സി കല്ലറ എസ്.സി.പി | 3പേർ കൂടാതെ എൻ.എച്ച്.എം. -1 | 9 AM to 6 PM |
| 3 | പി.എച്ച്.സി ഭരതന്നൂർ | ഒരു ഡോക്ടർ കൂടാതെ ത.സ്വ.ഭ.വ - 1 | 9 AM to 4 PM |
| 4 | പി.എച്ച്.സി പെരിങ്ങമ്മല | 2പേർ | 9 AM to 2 PM |
| 5 | എഫ്.എച്ച്.സി ആനക്കുടി | 2 പേർ കൂടാതെ ത.സ്വ.ഭ.വ - 1 | 9 AM to 6 PM |
| 6 | പി.എച്ച്.സി. പുല്ലമ്പാറ | 2 പേർ | 9 AM to 2 PM |
| 7 | എഫ്.എച്ച്.സി പനവൂർ | 2 പേർ കൂടാതെ എൻ.എച്ച്.എം. - 1, ത.സ്വ.ഭ.വ - 1 | 9 AM to 6 PM |
| 8 | പി.എച്ച്.സി ആനാട് | 2പേർ കൂടാതെ ത.സ്വ.ഭ.വ -1 | 9 AM to 6 |

| | | | |
|---|---|---|---|
| | | | PM |
| 9 | എഫ്.എച്ച്.സി. വാമനപുരം | 5പേർ | 9 AM to 6 PM |

| | | | |
|---|---|---|---|
| (ബി) | മണ്ഡലത്തിലെ ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമാണ് ഡോക്ടർമാരുടെ രാത്രികാല സേവനം ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഓൺകാൾ സേവനം മുഖേന രാത്രികാലങ്ങളിൽ അവശ്യസേവനവും നൽകി വരുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം മാനദണ്ഡമനുസരിച്ച് ഒ.പി സമയം 9 മണി മുതൽ 6 മണി വരെ നിജപ്പെടുത്തിയിരിക്കുന്നു. |
| (സി) | ഇല്ലെങ്കിൽ ഡോക്ടർമാരുടെ രാത്രികാല സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാമോ; | (സി) | വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഓൺകാൾ സേവനം മുഖേന രാത്രികാലങ്ങളിൽ അവശ്യസേവനവും നൽകി വരുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം മാനദണ്ഡമനുസരിച്ച് ഒ.പി സമയം 9 മണി മുതൽ 6 മണി വരെ നിജപ്പെടുത്തിയിരിക്കുന്നു. |
| (ഡി) | സ്ഥിരം ഡോക്ടർമാർ, നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ഡോക്ടർമാർ എന്നിവരുടെ എത്ര ഒഴിവുകളാണ് ഇവിടങ്ങളിൽ നിലവിലുള്ളത്; വിശദമാക്കാമോ? | (ഡി) | വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള രണ്ട് ഡോക്ടർമാരുടെ തസ്തികയിൽ ഒരാൾ ആർദ്രം നോഡൽ ഓഫീസറായി ജില്ലാ മെഡിക്കൽ ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്തു വരുന്നു. ടിയാന് പകരമായി ആണ് എൻ.എച്ച്.എം മുഖേന ഒരു ഡോക്ടറെ നിയമിച്ചിട്ടുള്ളത്. മണ്ഡലത്തിലെ മറ്റ് സാമൂഹിക/ പ്രാഥമിക/ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുകളൊന്നും തന്നെ നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ